# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അന്നമനട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSATSR(P1)520/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 30/03/2021
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അന്നമനട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-5,1-6 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATSR(P1)520/2021 തീയ്യതി: 30/03/2021

## തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 05-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മേരി ഹണി ജോസഫ് | ഡെപ്യൂട്ടി ഡയറക്ടർ | 22-02-2021 | 03-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-02-2021 | 03-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന കെ ടി ഓഡിറ്റ് ഓഫീസർ
ശ്രീ സിജു പി ഡാംസൺ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സലീഷ് എം ജി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത ടി എസ് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ ദിലീപ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ടെസ്സി ടൈറ്റസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ശ്രീലത.കെ.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ശ്രീ.പ്രദീപ്.പി.ജി | സെക്രട്ടറി | 25-04-2019 | 02-08-2019 |
| ശ്ശ്രീമതി.ശ്രീലത.കെ.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-08-2019 | 04-08-2019 |
| ശ്രീ.സാബു ജോർജ് | സെക്രട്ടറി | 05-08-2019 | 05-10-2019 |
| ശ്രീമതി.ശ്രീലത.കെ.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-10-2019 | 09-10-2019 |
| ശ്രീമതി.റീന.ടി.ജെ | സെക്രട്ടറി | 10-10-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നിമ്മി .ഇ.ആർ | അസി.എഞ്ചിനീയർ | 01-04-2019 | 13-03-2020 |
| ശ്രീ.ധനേഷ്.ടി.എം | അസി.എഞ്ചിനീയർ | 16-03-2020 | 31-03-2020 |
| ശ്രീ.ജോബി.വി.വി | കൃഷി ഓഫീസർ | 01-04-2019 | 07-12-2019 |
| ശ്രീ.അജിത്.പി.ബി | കൃഷി ഓഫീസർ (ചാർജ്) | 08-12-2019 | 09-12-2020 |
| ശ്രീമതി.രേഷ്മ.എം.സി | കൃഷി ഓഫീസർ | 10-12-2019 | 31-03-2020 |
| ശ്രീ.ജോയ്.എം.ജെ | വി.ഇ ഒ.വെസ്റ്റ് കൊരട്ടി | 01-04-2019 | 31-03-2020 |
| ശ്രീ.സജീഷ്. | വി ഇ ഒ മേലഡൂർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജിംസി ജോസ് | ഐ സി ഡി എസ് | 01-04-2019 | 31-03-2020 |
| ഡോ.ദീപ വിജയൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 05-08-2019 |
| ഡോ.വിധു വർമ്മ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 05-08-2019 | 31-03-2020 |
| ഡോ.ശ്യാമള | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.ഫെനി തോമസ് | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ.മിനി രാധാകൃഷ്ണൻ | വെറ്റേറിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഡെയ്സി സെബാസ്റ്റ്യൻ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ശ്രീലത.കെ.എ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.നിഷ.സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

-

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കേണ്ടതാണ്.<br>Written By: Sheena K T (Audit Officer, On 08-03-2021)<br>Last Updated By: Sheena K T (Audit Officer, On 08-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Siju P. Damson (Asst. Audit Officer, On 11-03-2021)<br>Last Updated By: Sheena K T (Audit Officer, On 26-03-2021) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Siju P. Damson (Asst. Audit Officer, On 06-03-2021)<br>Last Updated By: Sheena K T (Audit Officer, On 26-03-2021) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 08-03-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 26-03-2021) | 1-4 |
| 5 | തൊഴിലുറപ്പുപദ്ധതി<br>Written By: Siju P. Damson (Asst. Audit Officer, On 11-03-2021)<br>Last Updated By: Sheena K T (Audit Officer, On 26-03-2021) | 1-5 |
| 6 | ക്ഷേമപെൻഷനുകൾ<br>Written By: Sheena K T (Audit Officer, On 08-03-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 11-03-2021) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Dhanya Dhileep (Auditor, On 03-03-2021)<br>Last Updated By: Dhanya Dhileep (Auditor, On 22-03-2021) | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Sheena K T (Audit Officer, On 08-03-2021)<br>Last Updated By: REKHA E.C. (Auditor, On 12-03-2021) | 1-8 |
| 9 | സംയുക്ത പ്രോജക്റ്റ് -ചെലവഴിക്കാത്ത തുക തിരിച്ചടക്കേണ്ടതാണ്.<br>Written By: Siju P. Damson (Asst. Audit Officer, On 06-03-2021)<br>Last Updated By: Sheena K T (Audit Officer, On 12-03-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sheena K T (Audit Officer, On 12-03-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 26-03-2021) | 1-10 |
| 11 | വാർഷികകണക്കുകളുടെ സമർപ്പണം - അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 24-02-2021)<br>Last Updated By: Sheena K T (Audit Officer, On 12-03-2021) | 1-11 |
| 12 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 24-02-2021)<br>Last Updated By: Sheena K T (Audit Officer, On 26-03-2021) | 1-12 |
| 13 | വസ്തുനികുതി- ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് രേഖപ്പെടുത്തൽ നടത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 05-03-2021)<br>Last Updated By: REKHA E.C. (Auditor, On 12-03-2021) | 1-13 |
| 14 | വസ്തു നികുതി- ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 05-03-2021)<br>Last Updated By: REKHA E.C. (Auditor, On 12-03-2021) | 1-14 |
| 15 | വസ്തുനികുതി (നോൺ റെസിഡൻഷ്യൽ)<br>Written By: Siju P. Damson (Asst. Audit Officer, On 05-03-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 06-03-2021) | 1-14-1 |
| 16 | ലൈബ്രറി സെസ്സ്<br>Written By: Siju P. Damson (Asst. Audit Officer, On 05-03-2021)<br>Last Updated By: REKHA E.C. (Auditor, On 12-03-2021) | 1-14-2 |
| 17 | വാടക -ഡിമാന്റ് ഉത്ഭവിക്കുമ്പോൾ അക്രൂവൽ എൻട്രി | 1-15 |

| | | |
|---|---|---|
| | രേഖപ്പെടുത്തുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 05-03-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 07-03-2021) | |
| 18 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 05-03-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 11-03-2021) | 1-16 |
| 19 | വിനിയോഗിക്കാത്ത ഗ്രാന്റുകളും അവയുടെ ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല,ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പിന് തത്തുല്യമായ ബാധ്യത സൃഷ്ടിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 05-03-2021)<br>Last Updated By: Sheena K T (Audit Officer, On 26-03-2021) | 1-17 |
| 20 | വായ്പ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 05-03-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 05-03-2021) | 1-18 |
| 21 | ബാലൻസ്ഷീറ്റ് പ്രകാരം ചേർത്തിരിക്കുന്ന പൊതുവായ ബാധ്യതകൾ ഏതിനത്തിലാണെന്ന് രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണം.<br>Written By: Siju P. Damson (Asst. Audit Officer, On 05-03-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 05-03-2021) | 1-19 |
| 22 | Prior Period Items- എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല<br>Written By: Sumitha T.S (Asst. Audit Officer, On 06-03-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 06-03-2021) | 1-20 |
| 23 | ജനറൽ പർപ്പസ് ഗ്രാന്റ് 2 അലോട്ട്മെന്റ് തുകകൾ വരവ് രേഖപ്പെടുത്തിയില്ല- 2019-20 ലെ വാർഷികകണക്കിൽ 14,35,071 രൂപ കുറവ് ഗ്രാന്റിനത്തിൽ രേഖപ്പെടുത്തി .<br>Written By: Siju P. Damson (Asst. Audit Officer, On 05-03-2021)<br>Last Updated By: Sheena K T (Audit Officer, On 26-03-2021) | 1-21 |
| 24 | ജേണൽ വൌച്ചർ- സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 06-03-2021)<br>Last Updated By: Sheena K T (Audit Officer, On 26-03-2021) | 1-22 |
| 25 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 05-03-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 06-03-2021) | 1-23 |
| 26 | സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 05-03-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 06-03-2021) | 1-24 |
| 27 | രസീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല<br>Written By: Dhanya Dhileep (Auditor, On 05-03-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 06-03-2021) | 1-25 |
| 28 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Dhanya Dhileep (Auditor, On 06-03-2021)<br>Last Updated By: Sheena K T (Audit Officer, On 26-03-2021) | 1-26 |
| 29 | നികുതി പരിഷ്കരണം -തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Dhanya Dhileep (Auditor, On 06-03-2021)<br>Last Updated By: Sheena K T (Audit Officer, On 26-03-2021) | 1-27 |
| 30 | വസ്തുനികുതി നിർണ്ണയം-അപാകതകൾ<br>Written By: Dhanya Dhileep (Auditor, On 06-03-2021)<br>Last Updated By: Dhanya Dhileep (Auditor, On 08-03-2021) | 1-28 |
| 31 | FACTEOS ലൈസൻസ് രജിസ്റ്റർ ,സഞ്ചയ പ്രകാരമുള്ള നോൺ | 1-29 |

| | | |
|---|---|---|
| | റസിഡൻഷ്യൽ കെട്ടിടങ്ങൾ എന്നിവയിലെ പൊരുത്തക്കേട് -തുടർ നടപടി സ്വീകരിക്കണം<br>Written By: Sumitha T.S (Asst. Audit Officer, On 07-03-2021)<br>Last Updated By: Sumitha T.S (Asst. Audit Officer, On 07-03-2021) | |
| 32 | ബിൽഡിങ്ങ് പെർമ്മിറ്റ്- റഗുലറൈസേഷൻ -തുടർ നടപടി സ്വീകരിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 07-03-2021)<br>Last Updated By: Sumitha T.S (Asst. Audit Officer, On 07-03-2021) | 1-30 |
| 33 | ടെണ്ടർ ഫീ -പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കേണ്ടതാണ്<br>Written By: Dhanya Dhileep (Auditor, On 08-03-2021)<br>Last Updated By: Dhanya Dhileep (Auditor, On 10-03-2021) | 1-31 |
| 34 | റവന്യൂ വകുപ്പിന്റെ ഭൂമിയിൽ പഞ്ചായത്ത് നടത്തിയ അനധികൃത പാറ ഖനനം - റവന്യൂ വകുപ്പിന് നൽകേണ്ട തുക 2805081/-രൂ.ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 07-03-2021)<br>Last Updated By: Sheena K T (Audit Officer, On 26-03-2021) | 1-32 |
| 35 | പെർഫോർമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് - നിർദ്ദേശിച്ച പ്രകാരം പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 07-03-2021)<br>Last Updated By: Sheena K T (Audit Officer, On 09-03-2021) | 1-33 |
| 36 | അസി .സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ ജെൻഡർ റിസോഴ്സ് സെന്റർ പദ്ധതി സംബന്ധിച്ച്.<br>Written By: Sheena K T (Audit Officer, On 09-03-2021)<br>Last Updated By: Sheena K T (Audit Officer, On 09-03-2021) | 1-34 |
| 37 | മരുന്നുകൾ ലഭ്യമായില്ല<br>Written By: Sheena K T (Audit Officer, On 09-03-2021)<br>Last Updated By: Sheena K T (Audit Officer, On 09-03-2021) | 1-35 |
| 38 | അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ-സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.<br>Written By: Sumitha T.S (Asst. Audit Officer, On 06-03-2021)<br>Last Updated By: Sheena K T (Audit Officer, On 12-03-2021) | 1-36 |
| 39 | ബാലസൗഹൃദ പഞ്ചായത്ത്-പദ്ധതി ഭാഗികമായി നടപ്പിലാക്കി.<br>Written By: Sumitha T.S (Asst. Audit Officer, On 06-03-2021)<br>Last Updated By: Sheena K T (Audit Officer, On 26-03-2021) | 1-37 |
| 40 | അങ്കണവാടി പോഷകാഹാരം (ജില്ലാ പഞ്ചായത്ത് വിഹിതം റീ കൂപ്പ് ചെയ്യൽ )<br>Written By: Sumitha T.S (Asst. Audit Officer, On 06-03-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 07-03-2021) | 1-38 |
| 41 | അങ്കണവാടി സ്റ്റോക്കിന്റെ ഭൗതിക പരിശോധന -പൂപ്പലുള്ള കപ്പലണ്ടി സപ്ളൈ ചെയ്തത് -തുടർ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Sumitha T.S (Asst. Audit Officer, On 06-03-2021)<br>Last Updated By: Sheena K T (Audit Officer, On 12-03-2021) | 1-39 |
| 42 | എസ് എസ് എ വിഹിതം നൽകൽ-അധിക തുക നൽകിയത് ക്രമീകരിക്കേണ്ടതാണ്.<br>Written By: Sumitha T.S (Asst. Audit Officer, On 05-03-2021)<br>Last Updated By: Sheena K T (Audit Officer, On 12-03-2021) | 1-40 |
| 43 | ജാതിതൈകൾ വിതരണം-സബ്സിഡിയായി അധികം തുക നൽകി<br>Written By: Saleesh M.G (Asst. Audit Officer, On 05-03-2021)<br>Last Updated By: Saleesh M.G (Asst. Audit Officer, On 06-03-2021) | 1-41 |
| 44 | തെങ്ങിൻ തൈ വിതരണം -അപാകതകൾ<br>Written By: Saleesh M.G (Asst. Audit Officer, On 06-03-2021)<br>Last Updated By: Saleesh M.G (Asst. Audit Officer, On 06-03-2021) | 1-42 |

| | | |
|---|---|---|
| 45 | കുടിവെള്ള വിതരണത്തിനായി വാങ്ങിയ ജി പി എസ് സ്റ്റോക്കിലെടുത്ത് സൂക്ഷിച്ചിട്ടില്ല<br>Written By: Sheena K T (Audit Officer, On 09-03-2021)<br>Last Updated By: Sheena K T (Audit Officer, On 12-03-2021) | 1-43 |
| 46 | പഞ്ചായത്ത് വാഹനം ഇൻഷുറൻസ്- സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.<br>Written By: Sheena K T (Audit Officer, On 09-03-2021)<br>Last Updated By: Sheena K T (Audit Officer, On 09-03-2021) | 1-44 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 05-03-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 06-03-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 08-03-2021)<br>Last Updated By: Sheena K T (Audit Officer, On 08-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 08-03-2021)<br>Last Updated By: Sheena K T (Audit Officer, On 08-03-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sheena K T (Audit Officer, On 08-03-2021)<br>Last Updated By: Sheena K T (Audit Officer, On 08-03-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Sheena K T (Audit Officer, On 08-03-2021)<br>Last Updated By: Sheena K T (Audit Officer, On 12-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sheena K T (Audit Officer, On 08-03-2021)<br>Last Updated By: Sheena K T (Audit Officer, On 08-03-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sheena K T (Audit Officer, On 08-03-2021)<br>Last Updated By: Sheena K T (Audit Officer, On 12-03-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sheena K T (Audit Officer, On 08-03-2021)<br>Last Updated By: Sheena K T (Audit Officer, On 12-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sheena K T (Audit Officer, On 08-03-2021)<br>Last Updated By: Sheena K T (Audit Officer, On 12-03-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sheena K T (Audit Officer, On 06-03-2021)<br>Last Updated By: Sheena K T (Audit Officer, On 12-03-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്, 27-2-2019 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിൽ വളരെയധികം വ്യത്യാസമുള്ളതായി താഴെ പറയും പ്രകാരം പരിശോധനയിൽ വ്യക്തമായി.

| ഇനം | ബജറ്റ് പ്രകാരമുള്ള സംഖ്യ | വാർഷികകണക്ക് പ്രകാരമുള്ള സംഖ്യ |
|---|---|---|
| വരവ് | 171286654 | 71728124 |
| ചെലവ് | 167931799 | 61722763 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 21-07-2020 |

### 1-3 ഗ്രാന്റ് വിനിയോഗം

| ക്രമ നമ്പർ | ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | ഇല്ല | 2,44,40,000 | 2,44,40,000 | 1,15,23,486 | 1,29,16,085 | |
| 2 | വികസനഫണ്ട് (എസ്.സി.പി) | ഇല്ല | 1,05,12,000 | 1,05,12,000 | 68,88,721 | 36,23,279 | |
| 3 | വികസനഫണ്ട് (ടി.എസ്.പി) | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| 4 | ധനകാര്യകമ്മീഷൻ ഗ്രാന്റ് (UnTied) | ഇല്ല | 1,04,61,579 | 1,04,61,579 | 32,77,661 | 71,83,918 | |
| 5. | മെയിന്റനൻസ് ഗ്രാന്റ് റോഡ് | ഇല്ല | 1,21,33,000 | 1,21,33,000 | 31,70,679 | 89,62,321 | |
| 6. | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | ഇല്ല | 40,54,000 | 40,54,000 | 19,75,812 | 20,78,188 | |
| 7 | സംസ്ഥാനാവിഷ്കൃത പദ്ധതികൾ (ഇനംതിരിച്ച്) സാക്ഷരത | 22780 | -- ഇല്ല | 22780 | -- ഇല്ല | 22780 | |
| 8. | കേരളോത്സവം | ഇല്ല | 20,000 | 20,000 | 20,000 | ഇല്ല | |
| 9 | വിമുക്തി | 13,136 | ഇല്ല | 13,136 | 8700 | 4436 | |
| 10 | കേന്ദ്രാവിഷ്കൃത പദ്ധതികൾ തൊഴിലുറപ്പ് പദ്ധതി | 94657.50 | 17241833 | 17336490.50 | 17334314 | 2176.50 | |
| 11. | സമ്പൂർണശുചിത്വം | ഇല്ല | 180000 | 180000 | 18000 | ഇല്ല | |
| 12 | ഐ.സി.ഡി.എസ് | 708796 | 2671366 | 3380162 | 308274 | 3071888 | |

### 1-4 പദ്ധതി അവലോകനം

| അംഗീകാരംലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 221 | 91877281 | 91 | 36971987 | 126 | 4 | 41.18 |

### 1-5 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ | 94657.5 | 983569 | 1078226.50 | 1076049 | 2177.50 |

| | | | | |
|---|---|---|---|---|
| ചെലവുകൾ | | | | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 16258264 | 16258264 | 16258264 | |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 21840 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 4320600 | 17 |
| വിധവാ പെൻഷൻ | 7567800 | 42 |
| വാർദ്ധക്യകാലപെൻഷൻ | 14927400 | 296 |
| വികലാംഗപെൻഷൻ | 1812100 | 11 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 534600 | 5 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-02-2021 തീയതിയിൽ 3:45 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 57840/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ നിർവഹണ ഉദ്യോഗസ്ഥരുമായി പദ്ധതികളുടെ നിർവഹണത്തിലുള്ള പുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട രേഖകൾ, ഫയലുകൾ , രജിസ്റ്ററുകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. അസി.സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികളിൽ എല്ലാം തന്നെ പദ്ധതി പൂർത്തിയാക്കിയതായുള്ള അവലോകന റിപ്പോർട്ട് ചേർത്തിട്ടുണ്ട്.

## 1-9 സംയുക്ത പ്രോജക്ട് -ചെലവഴിക്കാത്ത തുക തിരിച്ചടക്കേണ്ടതാണ്.

ബാലൻസ്ഷീറ്റ് പ്രകാരം ജില്ലാ /ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്ടിന് ലഭിച്ച തുകകളുടെ വിവരവും 31.03.20 ൽ ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | വരവ് തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 9,96,800 | 28,52,114 |
| ജില്ലാ പഞ്ചായത്ത് | 6,89,550 | 5,00,186 |

തൻവർഷം സംയുക്ത പ്രോജക്ടുകളുടെ ഗുണഭോക്താക്കൾക്ക് നേരിട്ട് തുകകൾ തുക കൈമാറുന്നതിന് പകരം ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയാണ് മേൽ സ്ഥാപനങ്ങൾ ചെയ്തത്. സാമ്പത്തികവർഷാവസാനവും ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ അതാത് സ്ഥാപനങ്ങൾക്ക് തിരികെ നല്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.02.2021 മുതൽ 5-02-2021 വരെ | 04/2020-12/2020 | 06-02-2021 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.04.2013 മുതൽ 15.04.2013 വരെ | 2008-09 മുതൽ 2012-13 വരെ | ടി റിപ്പോർട്ട് 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ നഷ്ടപ്പെട്ടു. |

## 1-11 വാർഷികകണക്കുകളുടെ സമർപ്പണം - അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയിലെ പത്രികയായി ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-12 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,00,05,361 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,69,80,185 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-13 വസ്തുനികുതി- ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് രേഖപ്പെടുത്തൽ നടത്തുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2019-20 വർഷത്തിൽ അന്നമനട ഗ്രാമപഞ്ചായത്തിൽ 246 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2019-20 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണയായി (26/6/2019, 31/3/20 തീയ്യതികളിൽ ) മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-14 വസ്തു നികുതി- ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

എ)തൻവർഷം

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 32,24,464 | 30,98,259 | 74,123 | 57,692 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 32,24,464 (ഇൻകം &എക്സ്പെൻഡിച്ചർ | 30,98,259 (റസീറ്റ് & പേയ്മെന്റ് | 26,061 ( 350410101-Advance | *57,692 *( 60,492/105X100)= |

| | | | | |
|---|---|---|---|---|
| | അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | പത്രിക ,ഷെഡ്യൂൾ ആർ.പി-43) | Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | 57,611 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

ബി)കുടിശ്ശിക

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 63,392 | 29,378 | 34,226 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *80,128 | 29,378 | 34,226** |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (34,272+49,862=84,134/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (35,979 X 100/105)=34,265 ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

സി )ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 6037 | 5,74,405 |

## 1-14-1 വസ്തുനികുതി (നോൺ റെസിഡൻഷ്യൽ)

എ)തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 25,00,918 | 23,53,566 | 41,517 | 1,16,965 |

| | | | | |
|---|---|---|---|---|
| പ്രകാരം | | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 25,00,918 | 23,53,566 | 16,159 | *1,16,965 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(1,22,850 /105X100)=1,17,000 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

ബി)കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 74,341 | 32,019 | 42,371 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 96,227* | 32,019 | 42,371 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (49,496.+51,542.=101038/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ** (44,495/105X100)=42,376,ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

സി)ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 2,62,860 | 7,03,797 |

## 1-14-2 ലൈബ്രറി സെസ്സ്

എ)ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 164846 | 3255 | 168101 | 157945 | 1496 | 159441 | 4077 | | 2980 | 1753 | 4853 |
| | നോൺ-റെസിഡൻഷ്യൽ | 126662 | 3774 | 130436 | 118406 | 1643 | 120049 | 2125 | | 5885 | 2124 | 8036 |
| | ആകെ | | | 298537 | | | 279490 | 6202 | | 12,889 | | |

| | | | | | |
|---|---|---|---|---|---|
| | 295140 | 282423 | | | 13,213 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 8871+286269 =(2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 – State Govt Cess/Levies...... ലെഡ്ജർ 2019-20) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | (431910101 – State Govt . Cess/Levies...... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ബി)"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:1-14,1-14-1,1-14-2 എന്നി ഖണ്ഡികയിലെ പട്ടികകൾ).

സി)തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2,82,423 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2,79,490 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 3,74,115 രൂപയാണ്.(വൌച്ചർ 41900395 മുതൽ 41900397 വരെ തീ 31/3/20 )(മേൽ പട്ടിക കാണുക )

## 1-15 വാടക -ഡിമാന്റ് ഉത്ഭവിക്കുമ്പോൾ അക്രൂവൽ എൻട്രി രേഖപ്പെടുത്തുന്നില്ല.

2019-20ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക1-13ൽ ചേർത്തിട്ടുണ്ട്)

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക<br>ഡിമാന്റ് കുറവ് ചെയ്തത് | 130100101-Rent From Building | 12,32,484<br>( 31,452) | 26/6/2019<br>31/3/2020 | 41900052<br>41900277 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

എ)ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(A)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും യഥാക്രമം 1,70,42,136 രൂപയും 1,73,18,628 രൂപയുമാണ്. തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവുകളും പദ്ധതി ചെലവുകളും മാത്രമാണ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ വരുമാനമായും ചെലവായും ഉൾപ്പെടുത്തുക എന്നിരിക്കെ വരവിനേക്കാൾ കൂടുതൽ ചെലവ് തുക പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ശരിയല്ല. ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ ഇപ്രകാരം 2,76,492* രൂപ വരുമാനത്തിനേക്കാൾ കൂടുതൽ തുക ചെലവായി കാണിച്ചു.

ബി)ഇതിൽ 274553 രൂപ എന്ന ആലത്തൂർ വർക് ഷോപ്പ് റോഡ് നിർമാണത്തിനായി പാർട്ട് ബിൽ നൽകിയതാണ് (അളവ് പുസ്തകം 193/18-19). ആയതിനാൽ ഈ തുക ബാലൻസ്ഷീറ്റിൽ 412010101-Capital Work In Progress” എന്ന ശീർഷകത്തിൽ ഉൾപ്പെടേണ്ടിയിരുന്നതും തത്തുല്യമായ തുക “312100101- Capital Contribution” എന്ന ശീർഷകത്തിലേക്ക് ചേർക്കേണ്ടതുമായിരുന്നു.എന്നാൽ 274553 രൂപ “412010101-Capital Work In Progress” എന്ന ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.മറിച്ച് “251300801 Total Poverty Allevaiation -General” എന്ന ചെലവ് ശീർഷകത്തിലാണ് ഉൾപ്പെടുത്തിയത്. “312100101- Capital Contribution”എന്ന ശീർഷകത്തിലേക്ക് മാറ്റിയത് 292178 രൂപയാണ്. (17625 രൂപ കൂടുതൽ)

സി)ആയതിനാൽ 2020-21 ൽ “412010101-Capital Work In Progress” എന്ന ശീർഷകത്തിലേക്ക് 274553 രൂപ ചേർക്കേണ്ടതും (ഡെബിറ്റ്) അത് Prior Period Items എന്ന ശീർഷകത്തിലേക്ക് ക്രമീകരിക്കേണ്ടതുമാണ്(ക്രെഡിറ്റ്)

ഡി)“312100101- Capital Contribution” എന്ന ശീർഷകത്തിലേക്ക് കൂടുതലായി ക്രമീകരിച്ച 17625 രൂപ 2020-21 സാമ്പത്തിക വർഷത്തിൽ കുറവ്

ചെയ്യേണ്ടതും (ഡെബിറ്റ്) ആയതും അനുയോജ്യമായ Prior Period Items എന്ന ശീർഷകത്തിലേക്ക് ക്രമീകരിക്കേണ്ടതുമാണ്(ക്രെഡിറ്റ്). (തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷികകണക്ക് പ്രകാരമുള്ളത് ശരിയല്ല.ലഭ്യമായ കണക്കുകൾ പ്രകാരം ഓഡിറ്റിൽ കണ്ടെത്തിയ കണക്കുകൾ ഖണ്ഡിക 1-3,1-5 എന്നിവയിൽ ചേർത്തിട്ടുണ്ട്.)

## 1-17 വിനിയോഗിക്കാത്ത ഗ്രാന്റുകളും അവയുടെ ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല,ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പിന് തത്തുല്യമായ ബാധ്യത സൃഷ്ടിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320100115 | CSS- Total Sanitation Campaign | 10000 | - | | |
| 2 | 320100121 | CSS-ICDS | 3071888 | - | | |
| 3. | 320200307 | Grants Funds And Contribution For Specific Purpose - Other Than Development Fund And State Sponser | 4436 | - | | |
| 4 | 320200322 | Grants From Suchitwa Mission | 264922 | | | |
| 5 | 320300199 | Grants Funds And Contribution For Specific Purpose | 53 | | | |
| 6 | 320800101 | Beneficiary Contribution | 280320 | | | |

ബി) താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|
| 1 | 450230102 | Revolving Fund | 119064 |
| 2 | 450230103 | Revolving Fund Vennipadam Padasekhara Samithi | 24,919 |
| 3 | 450410102 | Sbi BmC | 158053 |
| 4 | 450410103 | Jalanidhi Watercharge | 1750 |
| 5 | 450610101 | SBI Nirmal Puraskar | 625699 |

ക്രമ 1,2,4 എന്നീ ശീർഷകങ്ങളിൽ അതാത് ബാങ്കിന്റെ പേര് വിവരം ചേർക്കേണ്ടതാണ്.

## 1-18 വായ്പ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

വാർഷികകണക്ക് പ്രകാരം വർഷാരംഭത്തിൽ വായ്പ ഇനത്തിൽ 38,36,553രൂപ മുൻബാക്കിയും തൻവർഷം രൂപ 27,87,025 രൂപ വരവുണ്ട്. ആയതിൽ 23,578രൂപ തിരിച്ചടക്കുകയും വികസനഫണ്ട് ജനറലിൽ നിന്ന് 4,55,882 രൂപയും വികസനഫണ്ട് എസ് സി പി യിൽ നിന്ന് 1,17,647 രൂപ സർക്കാർ റിക്കവറി നടത്തി അടവാക്കുകയും ചെയ്തിട്ടുണ്ട്.വായ്പ ഇനത്തിൽ 31/3/2020 ൽ 60,26,471 രൂപ തിരിച്ചടക്കാൻ ബാക്കിയുമുണ്ട്.എന്നാൽ വായ്പയുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ച് വായ്പരജിസ്റ്റർ തയ്യാറാക്കി ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-19 ബാലൻസ്ഷീറ്റ് പ്രകാരം ചേർത്തിരിക്കുന്ന പൊതുവായ ബാധ്യതകൾ ഏതിനത്തിലാണെന്ന് രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണം.

ബാലൻസ്ഷീറ്റ് പ്രകാരം ചേർത്തിരിക്കുന്ന താഴെ ചേർത്തിരിക്കുന്ന ബാധ്യതകൾ ഏതിനത്തിലാണെന്ന് വിശദീകരിക്കാൻ സ്ഥാപനത്തിന് സാധിച്ചിട്ടില്ല.ലഭിച്ച മുൻകൂറുകളുടെ കാര്യത്തിൽ അവ കൃത്യമായി ഏതിനത്തിലാണെന്നോ ആരിൽ നിന്നും സ്വീകരിച്ചുവെന്നോ രേഖപ്പെടുത്തി മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ക്രമനമ്പർ | ശീർഷകം | 31/3/20 ലെ ലെഡ്ജർ നീക്കിയിരിപ്പ് |
|---|---|---|
| 1. | 311100199-Other Earmarked Special Funds<br>21/3/2018 ൽ TDCB യിൽ നിക്ഷേപിച്ച 2799 രൂപ +<br>27/3/2018 ൽ TDCB യിൽ നിക്ഷേപിച്ച 12,262 | 15,061 |
| 2. | 350410199-Advance Collection Of R,Evenues -Other Taxes | 850 |
| 3. | 350410199-Advance Collection Of Revenues -Other Fees | 1,59,910 |
| 4. | 350800299-Other Liabilities | 22,248 |
| 5. | 350410401-Advance Collection Of Revenues-Rent From Building | 2355 |

## 1-20 Prior Period Items- എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income - Property Tax On Residential Buildings | 40,713 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 46,094 |
| 280200101-Prior Period Income-Rent From Building | 58,674 |
| 280200401-Prior Period Income-Other Income | 93,925 |
| 280800301-Prior Period-Operation And Maintaenance Expenses | 1,17,884 |
| 280800601-Prior Period- Revenue Grant And Contribution | 60,772 |
| 280100102-Prior Period - Profession Tax-Institutions/Professionals/Traders | (400) |
| 280200201-Prior Period Income-Other Incomes | (310) |

## 1-21 ജനറൽ പർപ്പസ് ഗ്രാന്റ് 2 അലോട്ട്മെന്റ് തുകകൾ വരവ് രേഖപ്പെടുത്തിയില്ല- 2019-20 ലെ വാർഷികകണക്കിൽ 14,35,071 രൂപ കുറവ് ഗ്രാന്റിനത്തിൽ രേഖപ്പെടുത്തി .

ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ 2019-20 സാമ്പത്തിക വർഷം ലഭിച്ച 14,35,071 രൂപയുടെ അലോട്ട്മെന്റിന്റെ വരവ് രേഖപ്പെടുത്തിയത് 21/6/20 ൽ മാത്രമാണ്.ആയതിനാൽ 2019-20 വർഷത്തെ കണക്കിൽ ജനറൽ പർപ്പസ് ഗ്രാന്റ് എന്ന വരവിനത്തിലും (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ) ഈ തുക ക്രെഡിറ്റ് ചെയ്യപ്പെട്ട ട്രഷറി ടി എസ് ബി എക്കൌണ്ടിന്റെ ബാങ്ക് ബുക്കിലും (ബാലൻസ്ഷീറ്റ്) ഇത്രയും തുകയുടെ കുറവ് രേഖപ്പെടുത്തിയിരിക്കുന്നു.

## 1-22 ജേണൽ വൌച്ചർ- സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-23 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-24 സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-14 പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് ആയി 123500 രൂപ ചേർത്തിട്ടുണ്ട്.എന്നാൽ അതിനെ സാധൂകരിക്കുന്ന രീതിയിൽ വാങ്ങൽ,വിതരണം,ബാക്കി സ്റ്റോക്ക് എന്നിവ ചേർത്ത് മൂല്യം കണക്കാക്കി സ്റ്റോക്ക് രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല.

## 1-25 രസീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും നല്കിയ രസീതി ബുക്കുകളിൽ രസീതുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ഏതാനും ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.
രസീത്ബുക്ക്നമ്പർ : 57148, 57164, 58935, 57151, 57152, 57159, 57146, 57163, 58933, 3001, 3003, 3004, 3006, 3007, 3014, 3009, 3012

കേരളാ ട്രഷറി കോഡ് , വോള്യം 1, ആർട്ടിക്കിൾ92 (B) കുറിപ്പ് 2 പ്രകാരം സ്ഥാപനമേധാവി ഓരോ ബുക്കിലേയും രസീതുകളുടെ എണ്ണം പരിശോധിച്ച് നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്.

## 1-26 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

സ്ഥാപനത്തിൽ നിന്നും ലഭ്യമായ തൊഴിൽ നികുതി രജിസ്റ്റർ, സ്ഥാപന ഉടമകൾ സമർപ്പിച്ച റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നമ്പർ .10 തീയതി.4/3/2021) ലഭ്യമാക്കിയ മറുപടിയിൽ ഐ.സി.എൽ ഫിൻ കോർപ്പ് മേലഡൂർ, ഐ.സി. എൽ ഫിൻ കോർപ്പ്, അന്നമനട എന്നീസ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഒന്നായിട്ടാണ് അടവാക്കിയിട്ടുള്ളതെന്നും രണ്ടു സ്ഥാപനങ്ങൾക്കും വെവ്വേറെ സ്ഥാപനനികുതി ഈടാക്കുന്നതാണെന്നും ത്രിവേണി സ്റ്റോർ, അന്നമനട എന്ന സ്ഥാപനത്തിന് രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി അടവാക്കുന്നത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.തൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 നികുതി പരിഷ്കരണം -തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് വിസ്തീർണ്ണത്തിനനുസരിച്ചുള്ള നികുതി ഇല്ലാത്ത കെട്ടിടങ്ങളുടെ നികുതി പരിഷ്കരിക്കണം എന്ന തീരുമാനം 9/3/2020 ലെ യോഗത്തിൽ (തീരുമാനം നമ്പർ 1(2) ) അംഗീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർനടപടിവിവരങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ .15, തീയതി.4/3/2021) ലഭ്യമായ മറുപടിയിൽ നാല് കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

| ക്രമനമ്പർ | കെട്ടിടനമ്പർ | പഴയ നികുതി | പുതിയ നികുതി |
|---|---|---|---|
| 1 | 17/463 | 49/- | 872/- |
| 2 | 17/464 | 66/- | 804/- |
| 3 | 8/379 | 243/- | 700/- |
| 4 | 6/430 | 117/- | 707/- |

നികുതി വർദ്ധന ബാധകമായിട്ടുള്ള കെട്ടിടങ്ങൾ കണ്ടെത്തി നികുതി പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 വസ്തുനികുതി നിർണ്ണയം-അപാകതകൾ

റീത്ത ഷെറീന, കണ്ണമ്പുഴ ഹൌസ്, എടയാറ്റൂർ (ഫയൽ നമ്പർ A3/6504/19 , തീയതി.16/10/2019 )എന്നവരുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം 219.41 ച.മീ. ആണ്. കെട്ടിടത്തിന്റെ വസ്തുനികുതി കണക്കാക്കിയപ്പോൾ 96.83 ച.മീ(കെട്ടിട നമ്പർ5/522 ബി )107.63 ച.മീ(കെട്ടിട നമ്പർ5/522 സി) വിസ്തീർണമുള്ള മുറികൾക്ക് രണ്ട് വ്യത്യസ്ത നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. 96.83 ച.മീ മുറിയ്ക്ക് 200 ച.മീ. ന് മുകളിൽ വിസ്തീർണ്ണം കണക്കാക്കി 1ച.മീ ന് 80 രൂപ നിരക്കിലും 107.63 ച.മീ. മുറിയ്ക്ക് 200 ച.മീ. ന് താഴെ വിസ്തീർണ്ണം കണക്കാക്കി 60 രൂപ നിരക്കിലും നികുതി നിശ്ചയിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ .12 തീയതി.4/3/2021) നികുതി നിർണ്ണയിച്ചതിൽ വന്ന അപാകത പരിഹരിച്ച് 5/522 സി കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ചിട്ടുണ്ടെന്നും കുറവ് വന്ന തുകയായ 1228 രൂപ അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭിച്ചിട്ടുണ്ട്. തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 FACTEOS ലൈസൻസ് രജിസ്റ്റർ ,സഞ്ചയ പ്രകാരമുള്ള നോൺ റസിഡൻഷ്യൽ കെട്ടിടങ്ങൾ എന്നിവയിലെ പൊരുത്തക്കേട് -തുടർ നടപടി സ്വീകരിക്കണം

2019-20 വർഷത്തെ FACTEOS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 600 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. പഞ്ചായത്ത് വാടകക്ക് നൽകിയ കെട്ടിടങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന പരിശോധനയിൽ രണ്ട് കെട്ടിടങ്ങൾ V/896,V/898 എന്നീ നമ്പറുകളിലുള്ള യഥാക്രമം ലാബ്,ബ്യൂട്ടി

പാർലർ എന്നിവ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത് .സഞ്ചയ പ്രകാരമുള്ള നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ ലിസ്റ്റ് പരിശോധിച്ചതിൽ

1.വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടങ്ങൾ-2005 എണ്ണം

2.വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ ക്ക് മുകളിലുള്ള കെട്ടിടങ്ങൾ-36 എണ്ണം

3.വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ ക്ക് മുകളിലുള്ള കെട്ടിടങ്ങൾ- 1എണ്ണം

4.വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ വരെയുള്ള സൂപ്പർ മാർക്കറ്റ് -2 എണ്ണം

5.വാണിജ്യ ആവശ്യത്തിനുള്ള കമ്പ്യൂട്ടർ സെന്റർ,പെട്ടിക്കടകൾ മുതലായ കെട്ടിടങ്ങൾ-20എണ്ണം

6.വ്യവസായ ഷെഡ്ഡുകൾ-90 എണ്ണം

7.ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ-43എണ്ണം

8.MSM E രജിസ്ട്രേഷൻ ഉള്ളവ -16 എണ്ണം

മേൽ കെട്ടിടങ്ങൾ പരിഗണിച്ചാണോ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാ ക്കിയത് എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് -8/4.3.2021 മറുപടി ലഭ്യമാക്കിയതിൽ ഈ വിഷയത്തിൽ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 ബിൽഡിങ്ങ് പെർമ്മിറ്റ്- റഗലറൈസേഷൻ -തുടർ നടപടി സ്വീകരിച്ചിട്ടില്ല.

A) ഫയൽ നമ്പർ-എ3-8128/19/9.12.2019

വികാർ,ലിറ്റിൽ ഫ്ളവർ ചർച്ച് ,കമ്പിടി 613.44 എം2 ഉം,466.44എം2 ആയി പുതുക്കി പണിത പള്ളി,ഹാൾ എന്നിവ റഗലറൈസ് ചെയ്യുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ജില്ലാ കളക്ടറുടെ അനുമതി നേടിയിട്ടില്ലാത്തത് അടക്കമുള്ള ന്യൂനതകൾ ചൂണ്ടിക്കാട്ടി കത്ത് നൽകുകയും ചെയ്തു. പിന്നീട് എ3-2926/2020 ആയി അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ പ്രകാരം ഹാജരാക്കിയ പ്ളാനിലും അപാകതകൾ ഉള്ളതിനാൽ മേൽ നമ്പറിൽ 15.6.2020ന് കത്ത് നൽകുകയും ചെയ്തു.ഫയലിൽ ടി തീയതിക്കു ശേഷം നാളിതുവരെ ഈ വിഷയത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/3.3.2021) മറുപടിയായി കക്ഷിക്ക് റഗലറൈസ് ചെയ്യുന്നതിന് രേഖകൾ ഹാജരാക്കുന്നതിന് 3.3.2021 ൽ ഒരറിയിപ്പ് കൂടി നൽകിയതായി അറിയിച്ചിട്ടുണ്ട്.ഈ വിഷയത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 ഡബ്ളിയു വകുപ്പ് പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

B) ഫയൽ നമ്പർ-എ3-3115/9.5.2019

ശ്രീ .റഷീദ് .എ.എസ് എന്ന വ്യക്തിയുടെ 4/444 എ,4/446 എന്നീ കടമുറികളുടെ മുകളിലേക്ക് നിർമ്മാണം നടത്തിയത് റഗലറൈസ് ചെയ്യുന്നതിനായാണ് അപേക്ഷ സമർപ്പിച്ചത്. ഒരു വശത്ത് സെറ്റ് ബാക്ക് ഇല്ലാത്തതിനാൽ ആ വശത്തെ ഉടമയുടെ സമ്മതപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ടു (കത്ത് നമ്പർ-എ-3115/2019/27.6.2019) .എന്നാൽ സമ്മത പത്രം ലഭ്യമാക്കാത്തതിനാൽ കെട്ടിടം റഗലറൈസ് ചെയ്തിട്ടില്ല.ജില്ലാ അദാലത്തിൽ ഹാജരാകുവാൻ കെട്ടിട ഉടമക്ക് എ3-4224/19/4.7.2019 പ്രകാരം കത്ത് നൽകി.തുടർന്ന് യാതൊരു നടപടിയും ഫയലിൽ സ്വീകരിച്ചു കാണുന്നില്ല. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 ടെണ്ടർ ഫീ -പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കേണ്ടതാണ്

2019-20 സാമ്പത്തികവർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിന് അർഹമായ ഇ-ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ .9, തീയതി .4/ 3/ 2021)

## 1-32 റവന്യൂ വകുപ്പിന്റെ ഭൂമിയിൽ പഞ്ചായത്ത് നടത്തിയ അനധികൃത പാറ ഖനനം - റവന്യൂ വകുപ്പിന് നൽകേണ്ട തുക 2805081/-രൂ.ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ള കല്ലൂർ തെക്കുംമുറി വില്ലേജിലെ സർവ്വെ നമ്പർ-453/3 പുറമ്പോക്ക് ഭൂമിയിൽ നിന്നും പഞ്ചായത്ത് 1981-

91 കാലഘട്ടത്തിൽ അനധികൃത പാറ ഖനനം നടത്തിയതിന് സിനിയറേജ്,പിഴ ഇനത്തിൽ 2805081/- രൂപ അടവാക്കാത്തത് സംബന്ധിച്ച് ചാലക്കുടി തഹസിൽദാർ( ഭൂരേഖ) ബി 721085/93/17.12.2019 കത്ത് നൽകി.മേല് സ്ഥലത്തിന്റെ അവകാശം സംബന്ധിച്ച് റവന്യൂ വകുപ്പും പഞ്ചായത്തും തമ്മിൽ ബഹു.ഹൈക്കോടതി മുമ്പാകെ ഉണ്ടായിരുന്ന കേസ്

ഒ.പി.നമ്പർ-2834/87 റവന്യൂ വകുപ്പിന് അനുകൂലമായി വിധി വന്നിട്ടുള്ളതാണ്.22.6.2001 ൽ റവന്യൂ റിക്കവറി നോട്ടീസ് നൽകി.പഞ്ചായത്ത് റവന്യൂ വകുപ്പ് മന്ത്രിക്ക് നിവേദനം നൽകി എങ്കിലുംനിരസിക്കപ്പെട്ടു. . 5.3.2005 ൽ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടുകൾ തഹസിൽദാരുടെ കത്ത് പ്രകാരം മരവിപ്പിച്ചെങ്കിലും 11.3.2005 ൽ കളക്ടറുടെ ഉത്തരവ് പ്രകാരം പിൻവലിച്ചു .ഉത്തരവിൽ മാർച്ച് മാസത്തേക്ക് മാത്രമാണ് ഇളവ് നൽകിയത് .എന്നാൽ പിന്നീട് റവന്യൂ വകുപ്പിന്റെ ഭാഗത്ത് നിന്ന് നാളിതു വരെ യാതൊരു നടപടിയും ഉണ്ടായില്ല.നിലവിൽ 17.12.2019 ൽ ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെ 28.02.2020 തീയതിയിലെ കമ്മറ്റി തീരുമാനം 11/1 ൽ ഇത്ര ഭീമമായ തുക അടവാക്കുവാൻ പ്രളയത്തിൽ വളരെ അധികം നാശ നഷ്ടം സംഭവിക്കുകയും ആയതിനായി വലിയ തുക ചെലവഴിക്കേണ്ടി യും വന്ന പഞ്ചായത്തിന് കഴിയുകയില്ല എന്ന് വിലയിരുത്തുകയും റവന്യൂ റിക്കവറി തുക റോയൽറ്റി തുകയിൽ നിജപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിനോടും തദ്ദേശ ഭരണ വകുപ്പിനോടും അഭ്യർത്ഥിക്കുവാനും തീരുമാനിച്ചു. കത്തിന്റെ പകർപ്പ് ഫയലിൽ ഉണ്ട്. എന്നാൽ ധനകാര്യ വകുപ്പ് മന്ത്രിക്കും തദ്ദേശ ഭരണ വകുപ്പ് മന്ത്രിക്കും പ്രസിഡന്റ് നൽകിയ കത്തുകളിന്മേൽ യാതൊരു മറുപടിയും നാളിതു വരെ ലഭിച്ചിട്ടില്ല.

ഈ വിഷയത്തിൽ ഓഡിറ്റിന്റെ നിർദ്ദേശം താഴെ ചേർക്കുന്നു.

1.പഞ്ചായത്ത് കമ്മറ്റി മേൽ തുകയുടെ ബാദ്ധ്യത അംഗീകരിച്ചെങ്കിലും സ്ഥാപനത്തിന്റെ 2019-20ലെ ബാലൻസ് ഷീറ്റിൽ പ്രസ്തുത തുക ഉൾപ്പെട്ടു കാണുന്നില്ല. 2020-21 ൽ പ്രസ്തുത തുക പഞ്ചായത്തിന്റെ ബാദ്ധ്യത ആയി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടതിനായി അനുയോജ്യമായ പ്രയർ പിരീഡ് ശീർഷകത്തിൽ ഡെബിറ്റ് നൽകുകയും "അദർ ലയബിലിറ്റീസ് "എന്ന ശീർഷകത്തിൽ ക്രെഡിറ്റ് നൽകുകയും ചെയ്ത് സ്ഥാപനത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

പഞ്ചായത്ത് ഭരണ വകുപ്പിനെ ഈ വിഷയം അറിയിച്ച് തുടർ നടപടി വകുപ്പ് തലത്തിൽ കൈക്കൊള്ളുന്നതിന് ഔദ്യോഗികമായി യാതൊരു കത്തും നൽകി കാണുന്നില്ല. (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം).ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 പെർഫോർമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് - നിർദ്ദേശിച്ച പ്രകാരം പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തെ സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായ പെർഫോമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് ,453212/-രൂ തൃശ്ശൂർ ജില്ലാ ശുചിത്വ മിഷൻ കോ ഓർഡിനേറ്ററുടെ നമ്പർ-1068/ഡി.എസ്.എം./2018/22.01.2019 നടപടി ക്രമ പ്രകാരം പഞ്ചായത്തിന് അനുവദിച്ചു.പ്രസ്തുത നടപടി ക്രമത്തിൽ ടി തുക പ്രത്യേക അക്കൗണ്ട് തുടങ്ങി നിക്ഷേപിക്കേണ്ടതാണെന്നും ധന വിനിയോഗ സാക്ഷ്യപത്രം പ്രത്യേകമായി സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.എന്നാൽ പഞ്ചായത്ത് പ്രസ്തുത തുക തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. പ്രസ്തുത തുകയിൽ 350000/-രൂ 2019-20 സാമ്പത്തിക വർഷം പദ്ധതി നമ്പർ-123/20 ന് വേണ്ടി വിനിയോഗിച്ചിട്ടുണ്ട്. എക്സി.ഡയറക്ടർ ശുചിത്വ മിഷൻ തിരുവനന്തപുരം നടപടി ക്രമം നം.1237/A/2019/SM/13.08.2020 ൽ 16,96,570/- രൂപയും 2021 ൽ നമ്പർ 1068/ഡി.എസ്.എം./2018 പ്രകാരമുള്ള നടപടി ക്രമം തീയതി .28.1.2021 ൽ 12,63,497/-രൂപയും കൂടി ലഭ്യമായിട്ടുണ്ട്. ഇവയെല്ലാം തനത് ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. പ്രത്യേക ആവശ്യത്തിനായി ലഭിക്കുന്ന ഫണ്ടുകളുടെ കാര്യത്തിൽ നടപടി ക്രമത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-34 അസി .സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ ജെൻഡർ റിസോഴ്സ് സെന്റർ പദ്ധതി സംബന്ധിച്ച്.

അസി.സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ , ജെൻഡർ റിസോഴ്സ് സെന്റർ എന്ന പദ്ധതിയിൽ, പ്രാദേശിക തലത്തിൽ സ്ത്രീകൾക്ക് മാത്രമായി ഒരിടം എന്നനിലയിൽ ജെൻഡർ റിസോഴ്സ് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ , സ്ത്രീകളുടെ കാര്യ പ്രാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കി അവരുടെ സാമൂഹികവും സാംസ്കാരികവും വ്യക്തിപരവുമായ പിന്നോക്കാവസ്ഥ പരിഹരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക,സ്ത്രീകളുടെയും ,കുട്ടികളുടെയും നേരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള അവബോധം നൽകുക , സ്ത്രീകൾക്ക് തുല്യലിംഗ പദവിയും ലിംഗനീതിയും ലഭ്യമാക്കുന്നതിനുള്ള അവസ്ഥ സൃഷ്ടിക്കുക, ജാഗ്രതാ സമിതികൾ, വിജിലന്റ് ഗ്രൂപ്പുൾ എന്നിവക്ക് വേണ്ട പിന്തുണ നൽകുക എന്നിവയാണ് പ്രോജക്ടിന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും ആയിട്ട് പറഞ്ഞിരിക്കുന്നത്.

ഈ പദ്ധതിയോടനുബന്ധിച്ച് കമ്മ്യൂണിറ്റി കൗൺസിലറെ നിയമിച്ച് ഓരോ വാർഡിലും ഗ്രൂപ്പ് കൗൺസലിംഗ് നടത്തിയിട്ടുണ്ട്. ഈ പദ്ധതിയോടനുബന്ധിച്ച് വനിതകൾക്ക് തുണി സഞ്ചി നിർമാണത്തിൽ പരിശീലനം നൽകുന്നതിന് , ഹ്യൂമൺ വെൽഫെയർ കൗൺസിൽ കൊടുങ്ങല്ലൂർ എന്ന സ്ഥാപനവുമായി കരാർ വയ്ക്കുകയും, ഇത് പ്രകാരം , അഞ്ച് ദിവസത്തെ പരിശീലന പരിപാടിക്ക് , ഒരാൾക്ക് 1500/ രൂപാ നിരക്കിൽ,25 പേർക്ക് ആയി ,37500/ രൂപാ സ്ഥാപനത്തിന് നൽകുകയും പരിശീലന പരിപാടി നടത്തുകയും ചെയ്തിട്ടുണ്ട്.

കൂടാതെ ഈ പദ്ധതിയിൽ ഭിന്നശേഷി കുടുംബശ്രീ അംഗങ്ങൾക്കായി പേപ്പർ ക്യാരിബാഗ് നിർമാണം & സ്ക്രീൻ പ്രിന്റിംഗ് പരിശീലനം (ഏകദിനപരിശീലനം) പഞ്ചായത്ത് ഹാളിൽ നടത്തിയിട്ടുണ്ട്. ആയതിന് ഇൻഡസ്ട്രിയൽ മാനുഫാക്ച്ചറേഴ്സ് ഓർഗനൈസേഷൻ & വെൽഫെയർ സൊസൈറ്റി എന്ന സ്ഥാപനത്തിന് 7000/രൂപയും നൽകിയിട്ടുണ്ട്. (ബിൽ നം.16/19-20, Dt.12-2-2020)

സബ്സിഡി മാർഗരേഖ, ജി.ഒ. (കൈ) നം.22/2018/ ത സ്വ ഭ വ, തിയതി .14-2-2018 ഖണ്ഡിക 8.5 പ്രകാരം പരിശീലനത്തിന് മാത്രമായി പ്രോജക്ട് പാടുള്ളതല്ല. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി വികസന പ്രോജക്ടുകൾ പ്രകാരം പരിശീലനം ആകാവുന്നതാണ്. സബ്സിഡി മാർഗരേഖാ വിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയതിന്റെ കാരണം ഓഡിറ്റിന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/തിയതി. 4-3-2021 ന് നൽകിയ മറുപടിയിൽ , സ്ത്രീകളുടെ കാര്യപ്രാപ്തി വർദ്ധിപ്പിച്ച് സാമ്പത്തികമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിലേക്കും സ്വയം പര്യാപ്തത കൈവരിക്കുന്നതിനും സഹായകമാകുമെന്ന ലക്ഷ്യത്തിലാണ് വനിതകൾക്ക് ഇത്തരത്തിൽ പരിശീലനം നൽകിയത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരിശീലനം ലഭിച്ച വനിതകൾ വിവിധ ഗ്രൂപ്പുകളായി നിലവിൽ തയ്യൽ

ഗ്രൂപ്പുകൾ നടത്തിവരികയും തുണി സഞ്ചികൾ നിർമ്മിച്ച് വിൽപ്പന നടത്തുകയും ചെയ്ത് വരുന്നതായും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ മാർഗരേഖാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-35 മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവഹണോദ്യഗസ്ഥനായ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി , ബിൽ നം.8/19-20,Dt.18-2-2020 പ്രകാരം, 91400/രൂപാ കേരളാ മെഡിക്കൽ സർവീസ് കോർപറേഷനിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ-സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.

പദ്ധതി നമ്പർ-122/20

അടങ്കൽ 20000/-രൂ

ബിൽ നമ്പർ-46/23.3.2020-4508/-രൂ

അങ്കണവാടികൾക്കായി വെയിങ്ങ് സ്കെയിൽ,രജിസ്റ്ററുകൾ എന്നിവ വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്.എന്നാൽ പ്രസ്തുത സാമഗ്രികൾ ഡിപ്പാർട്ട്മെന്റ് മുഖേന ലഭ്യമായതിനാൽ മേൽ പ്രകാരം തുക ചെലവഴിച്ച് വൗച്ചറുകൾ പ്രിന്റ് ചെയ്തു. സ.ഉ (കൈ) നം.22/2018/തസ്വഭവ/14.2.2018 ഖ.8.8 ൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ ,സ്റ്റേഷനറി ഉൾപ്പെടെ ആവശ്യകത പട്ടിക തയ്യാറാക്കി സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതും മേധാവി അതിനാവശ്യമായ തുക തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട്/മെയിന്റനൻസ് നോൺ റോഡ് എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ആയതിനാൽ കണ്ടിജന്റ് ചെലവുകൾക്കായി പ്ളാൻ ഫണ്ട് തുക ചെലവഴിച്ചതും തയ്യാറാക്കിയ പ്രൊജക്റ്റിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിനും മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകിയതിന് (3/3.3.2021) അറിവില്ലായ്മ കൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത് എന്ന് മറുപടി നൽകിയിട്ടുണ്ട്.ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-37 ബാലസൗഹൃദ പഞ്ചായത്ത്-പദ്ധതി ഭാഗികമായി നടപ്പിലാക്കി.

പദ്ധതി നമ്പർ-114/20

അടങ്കൽ-100000/-രൂ

ബിൽ നമ്പർ-43/19.2.2020-2630/-രൂ &24/20.11.2019-500/-രൂ

കുട്ടികളിലെ വൈകല്യങ്ങളെക്കുറിച്ച് പരിശീലനം നൽകുക, ഇതര സംസ്ഥാന കുട്ടികളുടെ വിവര ശേഖരണം നടത്തുക, ബാല സംരക്ഷണ സമിതി, ജാഗ്രതാ സമിതി, സ്കൂൾ തല വിജിലൻസ് കമ്മറ്റി രൂപീകരിക്കുക, മദ്യം, മയക്കുമരുന്ന്, കുട്ടികളെ ദുരുപയോഗം ചെയ്യൽ എന്നിവ സംബന്ധിച്ച ബോധവൽക്കരണം, പ്രശ്ന സാധ്യതയുള്ള കുട്ടികളുടെ മാപ്പിങ്ങ്, ബാല ഗ്രാമസഭ, ബാല സൗഹൃദ പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് പ്രൊജക്റ്റിന്റെ ലക്ഷ്യമായി രേഖപ്പെടുത്തിയിരുന്നത്. എന്നാൽ അങ്കണവാടി വർക്കർമാർക്കുള്ള പരിശീലനം മാത്രമാണ് പദ്ധതിയിൽ നടത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് എൻക്വയറി (3/3.3.2021) നൽകിയതിനു മറുപടിയായി സോഷ്യോളജി വിദ്യാർത്ഥികളുടെ സഹായത്താൽ മാപ്പിങ്ങ്, നടത്തിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ മറ്റു പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. പദ്ധതി രൂപീകരണ സമയത്ത് വ്യക്തമായ ആസൂത്രണം ഇല്ലാതെ പദ്ധതികൾ ഏറ്റെടുക്കുന്നതിനാലാണ് ഇത്തരത്തിൽ പദ്ധതികൾ ഭാഗികമായി നടപ്പിലാക്കേണ്ടതായി വരുന്നത്. ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കുന്നത് സമയനഷ്ടം, ധനനഷ്ടം എന്നിവക്കിടയാക്കും എന്നതിനാൽ പൂർത്തീകരിക്കുവാൻ സാധ്യമായ പ്രവൃത്തികൾ മാത്രമേ ഏറ്റെടുക്കുന്നുള്ളൂ എന്നത് ആസൂത്രണ ഘട്ടത്തിൽ തന്നെ ഉറപ്പു വരുത്തേണ്ടതാണ്..

പേമെന്റ് വൗച്ചറിൽ മേൽ ചെലവ് 251400202 Special Child Welfare Programme-SCP എന്ന ഹെഡ്ഡിലാണ് ബുക്ക് ചെയ്തിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ ചെലവ് ജനറൽ ഹെഡ്ഡിലാണ് ബുക്ക് ചെയ്യേണ്ടത്. ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 അങ്കണവാടി പോഷകാഹാരം (ജില്ലാ പഞ്ചായത്ത് വിഹിതം റീ ക്ലൂപ്പ് ചെയ്യൽ )

പദ്ധതി നമ്പർ-121/2020
ബിൽ നമ്പർ-41/28.02.2020-200000/-രൂ
നിർവ്വഹണ ഉദ്യോഗസ്ഥൻ-ഐസിഡിഎസ് സൂപ്പർവൈസർ

2018-19 ൽ അങ്കണവാടി പോഷകാഹാര പദ്ധതിക്കായി വകയിരുത്തിയിരുന്ന ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാകാതിരുന്നതിനാൽ തനത് ഫണ്ടിൽ നിന്ന് നൽകേണ്ടി വന്ന തുക റീക്ലൂപ്പ് ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്.എന്നാൽ 2018-19 ലെ സുലേഖ ചെലവ് റിപ്പോർട്ട് പരിശോധിച്ചതിൽ 199814/-രൂ ജില്ലാ പഞ്ചായത്ത് ഹെഡ്ഡിൽ തന്നെ ബുക്ക് ചെയ്തതായി കണ്ടു.തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്തതിന് ആധാരമായ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-11/4.3.2021) പ്രസ്തുത തുക സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതിയുടെ ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നാണ് അങ്കണവാടി പോഷകാഹാരത്തിന് നൽകിയതെന്നും സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി 2018-19 ൽ നടപ്പിലാക്കിയിട്ടില്ല എന്നും ആയതിനാൽ തെറ്റായി പ്ളാൻ ഫണ്ടിൽ നിന്ന് പിൻവലിച്ച് തനത് ഫണ്ടിലേക്ക് റീ ക്ലൂപ്പ് ചെയ്ത 200000/-രൂ ROP ആയി തിരികെ അടവാക്കുന്നതാണെന്നും മറുപടി നൽകി. Lതുക തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.സംയുക്ത പദ്ധതിക്കായി ലഭിച്ച തുക തനത് ഫണ്ടിൽ നിക്ഷേപിച്ചതിനാലാണ് ഇത്തരത്തിൽ അപാകത സംഭവിക്കാനിടയായത്. മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭ്യമാകുന്ന തുകകൾ അവക്ക് ബാധകമായ ഉത്തരവുകൾ പ്രകാരം കൃത്യമായി അക്കൗണ്ട് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-39 അങ്കണവാടി സ്റ്റോക്കിന്റെ ഭൗതിക പരിശോധന -പൂപ്പലുള്ള കപ്പലണ്ടി സപ്ളൈ ചെയ്തത്

## -തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിന്റെ ഭാഗമായി 144 ാം നമ്പർ അങ്കണവാടിയിലെ ഭക്ഷ്യ സാധനങ്ങളുടെ സ്റ്റോക്ക്പരിശോധിച്ചതിൽ വിതരണം ചെയ്ത കപ്പലണ്ടിയിൽ പൂപ്പൽ ഉള്ളതായി കണ്ടു. ഇത് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി ,ഐസിഡിഎസ് സൂപ്പർവൈസർ എന്നിവർക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി നൽകിയിട്ടുണ്ട്.ഭക്ഷ്യ സാധനങ്ങൾ ഇറക്കുമ്പോൾ അവ കേടുപാടുകൾ ഇല്ലാത്തതാണെന്ന് ഉറപ്പു വരുത്തി മാത്രമേ അങ്കണവാടികൾക്ക് നൽകാവൂ.ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 എസ് എസ് എ വിഹിതം നൽകൽ-അധിക തുക നൽകിയത് ക്രമീകരിക്കേണ്ടതാണ്.

പദ്ധതി നമ്പർ-100/2020

ബിൽ നമ്പർ-1/20.8.2019-700000/-രൂ.

നിർവ്വഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്

ജില്ലാ പ്രൊജക്ട് കോ ഓർഡിനേറ്റർ എസ് എസ് കെ തൃശ്ശൂരിന്റെ കത്ത് നമ്പർ-ഡി-110/Ssk/തൃശ്ശൂർ 2019-20 തീയതി .24.6.2019 ൽ എസ് .എസ് .കെ, അന്നമനട പഞ്ചായത്ത് പരിധിയിൽ ഉള്ള സ്കൂളുകൾക്കായി ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്ന 2997261/- രൂപയുടെ 40% ആയ 1198900/-രൂ എസ് .എസ് .കെ ക്ക് നൽകുവാൻ ആവശ്യപ്പെട്ടിരുന്നു.എന്നാൽ പഞ്ചായത്ത് മേൽ ബിൽ പ്രകാരം 7 ലക്ഷം രൂപയാണ് നൽകിയത്.എസ് .എസ് .കെ 3.7.2020 ൽ നൽകിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവ് 1385000/-രൂപയാണ്.ആയതിന്റെ 40% തുക 554000/-രൂപയാണ് പഞ്ചായത്ത് നൽകേണ്ടത്. ആയതിനാൽ പഞ്ചായത്ത് അധികം നൽകിയ(700000-554000=146000/-രൂ) തുക വരും വർഷങ്ങളിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-41 ജാതിതൈകൾ വിതരണം-സബ്സിഡിയായി അധികം തുക നൽകി

പദ്ധതി നമ്പർ-0164/20

ബിൽനമ്പർ -AKB 2/19-20 തിയതി 20.06.2019

തുക 72000

സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ തിയതി 14.02.2018 പ്രകാരം

ഒരു കർഷകന് അനുവദിക്കാവുന്ന പരമാവധി തുക 5000 രൂപയാണ്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അധിക തുക നൽകിയിട്ടുണ്ട്

| ഗുണഭോക്താവ് | അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|
| റീനലോനപ്പൻ | 7200 രൂപ | 2200 രൂപ |
| ബബിതദിനേഷ് | 7200 രൂപ | 2200 രൂപ |
| ഡാലി | 8400 രൂപ | 3400 രൂപ |
| ആകെ അധികം നൽകിയ തുക | | 7800 രൂപ |

അധികം നൽകിയ തുക തിരിച്ചടച്ച് അറിയിക്കേണ്ടതാണ്.

ഈപദ്ധതിയിൽ സർക്കാർ ഉത്തരവിൽ പറയും വിധം തൈകൾ കൃഷിഭവൻ വഴി വിതരണം ചെയ്യാതെ ഗുണഭോക്താക്കൾനേരിട്ട് വിവിധ നഴ്സറികളിൽനിന്നും വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. അപാകത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-42 തെങ്ങിൻ തൈ വിതരണം -അപാകതകൾ

പദ്ധതി നമ്പർ 048/20

ബിൽ നമ്പർ AKB 07/19-20 തിയതി 14.02.20

തുക 15000

ഫണ്ട് വികസനഫണ്ട് ജനറൽ

ഈപദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്

1) സർക്കാർ ഉത്തരവ് (കൈ)നം. 22/2018ത.സ്വ.ഭ.വ തിയതി 14.02.2018 ൽ പറഞ്ഞിരിക്കും വിധം തെങ്ങിൻതൈകൾ കൃഷിഭവൻ വഴി വിതരണം നടത്തിയിട്ടില്ല.ഗുണഭോക്താക്കൾ സ്വകാര്യനഴ്സറി ഉൾപ്പെടെയുള്ളവരിൽനിന്നും വാങ്ങി ബിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക നൽകി

2)സബ്സിഡി 75% ത്തിൽ നിജപ്പെടുത്തേണ്ടതാണ്. എന്നാൽ കണ്ടരുമഠത്തിൽ ഇക്ബാൽ എന്ന ഗുണഭോക്താവ് ആകെ 200രൂപയ്ക്ക് 2 തെങ്ങിൻതൈകൾ വാങ്ങിയതിന് 278രൂപ സബ്സിഡി നൽകി. 150 രൂപയാണ് നൽകേണ്ടത്, അധികം നൽകിയത് 128 രൂപ.
സബ്സിഡി മാർഗ്ഗരേഖ പാലിക്കേണ്ടതും അധിക തുക തിരിച്ചടയ്ക്കേണ്ടതുമാണ്.

## 1-43 കുടിവെള്ള വിതരണത്തിനായി വാങ്ങിയ ജി പി എസ് സ്റ്റോക്കിലെടുത്ത് സൂക്ഷിച്ചിട്ടില്ല

കുടിവെള്ള വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനത്തിൽ സ്ഥാപിക്കുന്നതിനായി , തൃശ്ശൂർ ജില്ലാ , പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശാനുസരണം , വൌച്ചർ നം.21900130,തിയതി.8-5-19 പ്രകാരം ,5074/രൂപാ ചെലവ് ചെയ്ത് , നെസ്വാ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ജി പി എസ് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇത് പഞ്ചായത്ത് സ്റ്റോക്കിലെടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്ഥാപനം മറുപടി നൽകിയിട്ടില്ല. ആയത് സ്റ്റോക്കിലെടുത്ത് സൂക്ഷിക്കേണ്ടതാണ്.

## 1-44 പഞ്ചായത്ത് വാഹനം ഇൻഷൂറൻസ്- സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

വൗച്ചർ നം.21900063, Dt.18-4-2019 ,തുക-20015/രൂപാ

വൌച്ചർ നം.21900920,Dt.19-12-2019 ,തുക -9925/രൂപാ

പഞ്ചായത്തിന്റെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ഹരിത കർമ്മസേനയുടെ വാഹനത്തിന്റെ യും, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ വാഹനത്തിന്റെയും ഇൻഷൂറൻസിനായി, മേൽ വൗച്ചറുകൾ പ്രകാരമുള്ള തുകകൾ യുണൈറ്റഡ് ഇൻഡ്യാ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിലേക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് സംബന്ധിച്ച സർക്കാർ ഉത്തരവ് നം.(പി) 819/2000/ഫിൻ,തിയതി.18-4-2000 പ്രകാരം സർക്കാരിന്റെ കീഴിലുള്ള എല്ലാ വാഹനങ്ങൾക്കും , കേരള സർക്കാരിന്റെ കീഴിലുള്ള എല്ലാ വാഹനങ്ങൾക്കും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ തേർഡ് പാർട്ടി ഇൻഷ്വറൻസ് കവറേജ് ഉണ്ടാകേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.19 ന് മറുപടി നൽകിയിട്ടില്ല. വാഹനപരിപാലനത്തിൽ സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019 | 400000 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 400000 | - |
| | 2019 | 381600 | പ്രളയത്തിൽ തകർന്ന ടോയ്ലറ്റുകളുടെ നവീകരണം | 296800 | 84800 |
| | 2019 | 450000 | ഭിന്നശേഷി സ്കോളർഷിപ്പ് | 450000 | - |
| | 2019 | 500000 | കിളിയനം വയൽമന റോഡ് കട്ട വിരിക്കൽ | 364746 | 135254 |
| ജില്ലാ പഞ്ചായത്ത് | 2019 | 200000 | അംഗനവാടി പോഷകാഹാരം | 200000 | - |
| | 2019 | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് | 200000 | - |
| | 2019 | 200000 | അംഗനവാടി പോഷകാഹാരം | 200000 | - |
| | 2019 | 289550 | ഭിന്നശേഷി സ്കോളർഷിപ്പ് | 289550 | - |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുകയൊന്നും തന്നെ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതിൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്നതുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഹൗസിംഗ് | | | 3836553 | 597107 | 6026471 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം/തിയതി |
|---|---|---|---|---|
| 2007-08 | 3-14 | 888 | | 119060105431,Dt.5-11-19 |
| 2008-09 | | 150 | | 119060105469,Dt.6-11-19 |
| 2007-08 | 2-(2-4) | 5000 | | 119060105563,11-11-19 |
| 2015-16 | 2-3 | 14500 | | 119060500056,Dt.4-12-19 |
| 2015-16 | 2-3 | 1250 | | 119060106881,Dt.30-12-19 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ലഭ്യമല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക(രൂപാ) |
|---|---|
| മുന്നിരിപ്പ് | 31134308.20 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71728124 |
| ആകെ | 102862432.20 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 61722763 |
| നീക്കിയിരിപ്പ് | 41139669.20 |
| വരവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |
| | | |
| | | |
| | | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |
| | | |

## <u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 71-72 മുതൽ 79-80 വരെ | എൽ.എഫ്.ടി.12-93/92 തിയതി. 15.01.02 |
| 80-81 | എൽ.എഫ്.ടി.12-1525/83<br>തിയതി. 19.07.85 |
| 81-82 | എൽ.എഫ്.ടി.12-110/85<br>തിയതി. 20.09.86 |
| 82-83 | എൽ.എഫ്.ടി.12-385/87<br>തിയതി. 14.07.87 |
| 83-84 | എൽ.എഫ്.ടി.911/91 തിയതി. 03.07.92 |
| 84-85 | എൽ.എഫ്.ടി.1835/89 തിയതി. 16.01.90 |
| 85-86 | എൽ.എഫ്.ടി.12-2091/90<br>തിയതി. 26.02.91 |
| 86-87, 87-88 | എൽ.എഫ്.ടി.12-1130/92<br>തിയതി. 19.03.93 |
| 88-89, 89-90 | എൽ.എഫ്.ടി.12-775/94<br>തിയതി. 10.10.94 |
| 90-91 | എൽ.എഫ്.ടി.12-775/96<br>തിയതി. 13.02.96 |
| 91-92 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 |
| 92-93 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 |
| 93-94 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 |
| 94-95 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 |
| 95-96 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 |
| 96-97 | എൽ.എഫ്.ടി.13-853/04/ 29.11.04/29.11.04/09.03.05 |
| 96-97 (ചെലവ്) | എൽ.എഫ്.ടി.13-834/03 തിയ്യതി15.07.03 |
| 97-98 | എൽ.എഫ്.ടി.13-1109/99/<br>28.02.2000/ 08.06.2000 |
| 98-99 | എൽ.എഫ്.ടി.13- 948/2000/ 03.11.2000/11.12.2000 |
| 99-2000, 2000-01, 2001-02 (പദ്ധതി) | എൽ.എഫ്.ടി.13- 1083 /15.11.03 |
| 99-2000 (വരവ് ചെലവ്) | എൽ.എഫ്.ടി.13- 656/06/<br>03.07.06/ 30.12.06 |
| 2000-01 (വരവ് ചെലവ്) | എൽ.എഫ്.ടി.13- 657/06/15.11.03 |
| 2001-02<br>(വരവ് ചെലവ്) | എൽ.എഫ്.ടി.13- 3/07/<br>07.04.07/ 10.08.07 |
| 2002-03 | എൽ.എഫ്.ടി.13- 1021/ 21.08.09 |
| 2003-04 | എൽ.എഫ്.ടി.13- 1022/08/ 21.08.09 |
| 2004-05 | എൽ.എഫ്.ടി.13-426/09/ 07.05.10 |
| 2005-06 | എൽ.എഫ്.ടി.13-1610/09/ 23.07.10 |

| | |
|---|---|
| 2006-07 | എൽ.എഫ്.ടി.13-1611/09/ 23.07.10 |
| 2007-08 | എൽ.എഫ്.ടി.13-994/10/ 10.02.11 |
| 2008-09 | എൽ.എഫ്.ടി.13-995/10/ 07.09.11 |
| 2009-10, 2010-11 | എൽ.എഫ്.ടി.പി.4- 97/12/ 21.05.12/10.08.12 |
| 2011-12 | എൽ.എഫ്.ടി.പി.4-375/13/ 16.05.13/ 01.11.13 |
| 2012-13 | എൽ.എഫ്.ടി.പി.4- 453/14 |
| 2013-14 | കെ.എസ്.എ.ടി.സ്.ആർ (പി4) 1183/15 തീയതി 8.10.15 / 16.10.15 |
| 2014-15 | കെ.എസ്.എ.ടി.സ്.ആർ (പി4)1049/16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി4)-2016/16/ 30.1.2017/2.2.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി4)1065/2017, തീയതി 29.07.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി4)354/2019 തീയതി: 30/05/2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി4)115/2020 തീയതി: 05.05.2020 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്